**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4459** **29-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ മേഖലയിലെ കുട്ടികളുടെ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളെ ഓൺലൈൻ അധ്യയന സംവിധാനത്തോട് ചേർത്തുനിർത്തുന്നതിനായി ഗോത്ര ബന്ധു, ഗോത്രസാരഥി പദ്ധതികൾ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എ) | ഉണ്ട്. പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളെ ഓൺലൈൻ അദ്ധ്യയന സംവിധാനത്തോട് ചേർത്തുനിർത്തുന്നതിനായി ഈ കാലയളവിൽ "ഗോത്ര ബന്ധു" പദ്ധതി പ്രകാരം മുൻവർഷം നിയമിതരായിരുന്ന മുഴുവൻ മെന്റർ ടീച്ചർമാരെയും തുടരുന്നതിന് അനുമതി നൽകുകയും, പാലക്കാട് ജില്ലയിൽ പുതുതായി 20 മെന്റർ ടീച്ചർമാരെ കൂടി നിയമിക്കുകയും ചെയ്തു. ആയതു പ്രകാരം "ഗോത്ര ബന്ധു" പദ്ധതി നടപ്പിലാക്കി വരുന്ന വയനാട്, പാലക്കാട് ജില്ലകളിലെ വിദ്യാർത്ഥികളെ ഓൺലൈൻ പഠനകേന്ദ്രങ്ങളിലേക്ക് എത്തിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ട്. ഓൺലൈൻ അദ്ധ്യയന സമ്പ്രദായത്തിലേക്ക് പാഠ്യക്രമം മാറിയതിനെ തുടർന്ന് പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഓൺലൈൻ ക്ലാസുകളിൽ പങ്കെടുപ്പിക്കുന്നതിന് വകുപ്പിന്റെ സാമൂഹ്യപഠന മുറികൾ, പൊതു കെട്ടിടങ്ങളിൽ വകുപ്പ് ഏറ്റെടുത്തിട്ടുള്ള മറ്റ് പഠന കേന്ദ്രങ്ങൾ എന്നിവയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിദൂര സങ്കേതങ്ങളിൽ ഉള്ള കുട്ടികളെ വാഹനം ഏർപ്പാടാക്കി സ്കൂളുകളിൽ എത്തിക്കുന്ന പദ്ധതിയാണ് "ഗോത്രസാരഥി”. വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്ന മുറയ്ക്ക് ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ "ഗോത്രസാരഥി” പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ